SUNDAY 30-10-2022 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor : Suraj S. Editor : Dr. Saritha Vijayan K.

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-30/10/2022.

1. കോട്ടയം ജില്ലയിലെ പുതുപ്പള്ളി ഗ്രാമപഞ്ചായത്ത് 2022-23 വർഷത്തെ ജനകീയാസൂത്രണ പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പോത്ത് കുട്ടി വളർത്തൽ, ആട് വളർത്തൽ, കന്നുകുട്ടി പരിപാലനം എന്നീ പദ്ധതികൾക്ക് അപേക്ഷ വെറ്ററിനറി പോളിക്ലീനിക് പരിയാരത്ത് നവംബർ മാസം 05-ന് 5 മണിക്ക് മുമ്പ് സമർപ്പിക്കണമെന്ന് വെറ്ററിനറി സർജൻ അറിയിച്ചു.

2. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കണ്ണാറ വാഴ ഗവേഷണ കേന്ദ്രത്തിൽ സ്യൂഡോമോണാസ് ഫ്ളൂറസെൻസ് (പൊടി, ലായനി), ട്രൈക്കോഡർമ, ബ്യൂവേറിയ, ലെക്കാനിസിലിയം, മെറ്റാറൈസിയം, പസിലോമൈസസ്, ബയോ കണ്ട്രോൾ കോമ്പി പാക്ക്- വാഴ, ബയോ കണ്ട്രോൾ കോമ്പി പാക്ക്- പച്ചക്കറി, മൈക്കോറൈസ, അസോസ്പൈറില്ലം, ഫോസ്ഫറസ് വളം, ബയോഫെർട്ടിലൈസർ കോമ്പി പാക്ക്, അസോള, വെർമി കമ്പോസ്റ്റ്, നീം സോപ്പ് എന്നീ ജൈവ കീടരോഗ നിയന്ത്രണ ഉപാധികൾ വിൽപ്പനയ്ക്ക് തയ്യാറാണ്. ആവശ്യമുള്ളവർ **9747238532, 04872699087** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്.

3. ചേർത്തല സൗത്ത് കൃഷിഭവനിൽ സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ പദ്ധതി പ്രകാരം 50 സെന്റിൽ അധികം സ്ഥലത്ത് വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന പച്ചക്കറി കർഷകർക്കുള്ള പച്ചക്കറി വിത്തുകൾ വിതരണത്തിനായി കൃഷിഭവനിൽ എത്തിയിട്ടുണ്ട് കർഷകർ, ഹോർട്ടികൾച്ചർ മിഷൻ അപേക്ഷ, 2022 - 23 വർഷത്തെ കരം അടച്ച രസീത്, പാട്ട കർഷകർ ആണെങ്കിൽ അനുബന്ധം 1 പാട്ട കരാർ എന്നീ രേഖകളുമായി സ്റ്റേറ്റ് കൃഷി ഭവനിൽ എത്തി പച്ചക്കറി വിത്തുകൾ കൈപ്പറ്റണമെന്ന് കൃഷി ഓഫീസർ അറിയിക്കുന്നു.

4. കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് സർവ്വകലാശാലയുടെ കീഴിലെ കോളേജുകളായ മണ്ണുത്തി ക്യാമ്പസിലെ വർഗീസ് കുര്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയറി ആൻഡ് ഫുഡ് ടെക്നോളജിയിലും പൂക്കോട്, തിരുവനന്തപുരം, കോലാഹലമേട് ക്യാമ്പസുകളിലെ കോളേജ് ഓഫ് ഡയറി സയൻസസ് & ടെക്നോളജികളിലും ആയി നിലവിൽ ബി.ടെക് (ഡയറി ടെക്നോളജി) കോഴ്സിന് 13 സീറ്റുകളും ബി.ടെക് (ഫുഡ്ടെക്നോളജി) കോഴ്സിന് 2 സീറ്റുകളും ഒഴിവുണ്ട്. ഈ ഒഴിവുകൾ

നികത്തുന്നതിനായി ഈ മാസം 31-ന് (31/10/2022) രാവിലെ 11 മണിക്ക് വയനാട് ജില്ലയിലെ പൂക്കോട് സ്ഥിതി ചെയ്യുന്ന സർവ്വകലാശാല ഹെഡ്ക്വാർട്ടേഴ്സിൽ വെച്ച് കോവിഡ് മാനദണ്ഡങ്ങൾ അനുസരിച്ച് സ്പോട്ട് അഡ്മിഷൻ നടത്തുന്നതാണ്. പ്രവേശന പരീക്ഷ കമ്മിഷണർ പ്രസിദ്ധപ്പെടുത്തിയ റാങ്ക്ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികളെയാണ് പരിഗണിക്കുക. താൽപര്യമുള്ള വിദ്യാർത്ഥികൾ അക്കാദമിക് യോഗ്യതയും മറ്റു യോഗ്യതകളും തെളിയിക്കുന്നതിനായി KEAM 2022 അപേക്ഷയോടൊപ്പം സമർപ്പിച്ച സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം അന്നേ ദിവസം ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് സർവകലാശാലയുടെ വെബ്സൈറ്റ് ആയ www.kvasu.ac.in ലെ വിജ്ഞാപനം കാണുക. കൂടുതൽ വിവരങ്ങൾക്ക് **04936 209272** എന്ന ഫോൺ നമ്പരിൽ ഓഫീസ് സമയത്ത് ബന്ധപ്പെടുക.

5. തിരുവനന്തപുരം കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ 10 മാസവും 11 മാസവും പ്രായമുള്ള രണ്ട് വെച്ചൂർ കാളകുട്ടികളെ നവംബർ 3-ന് രാവിലെ 11 മണിക്ക് ഫാം പരിസരത്ത് വച്ച് പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നു. ലേലത്തിൽ പങ്കെടുക്കാൻ ആഗഹിക്കുന്നവർ ലേല സമയത്തിന് മുമ്പായി 1500 രൂപ നിരതദ്രവ്യമായി ഓഫീസിൽ അടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2732962** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

6. തിരുവനന്തപുരം ജില്ലയിൽ മികച്ച ജന്തുക്ഷേമ പ്രവർത്തനങ്ങൾ നടത്തിയ വ്യക്തി/ സംഘടനയ്ക്ക് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ജില്ലാതലത്തിൽ തെരഞ്ഞെടുത്ത് പുരസ്കാരം നൽകുന്നു. മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച വ്യക്തികൾ അല്ലെങ്കിൽ അംഗീകൃത സംഘടനകൾ എന്നിവർക്ക് അപേക്ഷിക്കാം. നിശ്ചിത മാതൃകയിൽ പൂരിപ്പിച്ച അപേക്ഷകളും ബന്ധപ്പെട്ട രേഖകളും പ്രവർത്തനങ്ങളുടെ വിവരങ്ങളും സഹിതം ഒക്ടോബർ മാസം മുപ്പത്തിയൊന്നാം തീയതിക്കകം തിരുവനന്തപുരം ജില്ല വെറ്ററിനറി കേന്ദ്രത്തിൽ സമർപ്പിക്കണം. അപേക്ഷ ബന്ധപ്പെട്ട വെറ്ററിനറി ഡോക്ടറുടെ ശുപാർശസഹിതം സമർപ്പിക്കേണ്ടതാണ്. അപേക്ഷ ഫോറങ്ങൾക്ക് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടണമെന്ന് ചീഫ് വെറ്ററിനറി ഓഫീസർ അറിയിച്ചു.

**പരിശീലന പരിപാടികൾ**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

7. കോഴിക്കോട് വേങ്ങേരി കാർഷിക മൊത്ത വ്യാപാര കേന്ദ്രത്തിൽ സ്ഥിതി ചെയ്യുന്ന കേരള കാർഷിക സർവകലാശാല വിജ്ഞാന വിപണന കേന്ദ്രത്തിൽ വച്ച് നവംബർ 5 ന് **ശുദ്ധജല മത്സ്യ കൃഷിയും അക്വാപോണിക്സ് കൃഷി രീതിയും** എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നു. താൽപര്യമുള്ളവർ **04952935850, 9188223584** എന്ന ഫോൺ നമ്പറിൽ വിളിച്ചു 03.11.2022 ന് മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 30 പേർക്ക് ആയിരിക്കും ക്ലാസ്സിൽ പങ്കെടുക്കാൻ അവസരം ഉണ്ടായിരിക്കുക. രാവിലെ 10.30 മുതൽ ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ് എന്ന് കാർഷിക വിജ്ഞാന വിപണന കേന്ദ്രം അസിസ്റ്റന്റ് പ്രൊഫസർ ആൻഡ് ഹെഡ് അറിയിച്ചു.

8. കോഴിക്കോട് ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് നവംബർ 10,11 തീയതികളിൽ കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലെ ക്ഷീരസംഘം ഭരണസമിതി അംഗങ്ങൾക്കായി പരിശീലനം സംഘടിപ്പിക്കുന്നു. പ്രവേശന ഫീസ് 20 രൂപ. ആധാർ കാർഡിന്റെ പകർപ്പ് പരിശീലന സമയത്ത് ഹാജരാക്കേണ്ടതാണ്. താൽപര്യമുള്ളവർ നവംബർ 01-ന് വൈകുന്നേരം 5 മണിക്ക് മുമ്പായി dd-dtc-kkd.dairy@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിലോ, **0495–2414579** എന്ന ഫോൺ നമ്പരിലോ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

9. ഇടവിട്ടുള്ള മഴയും വെയിലും മൂലം ഇഞ്ചിയിൽ റൈസോം മഗട്ടിന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. കൃഷി സ്ഥലങ്ങളിൽ മതിയായ നീർവാർച്ച സൗകര്യം ഒരുക്കുക. കൂടാതെ 2.5 മില്ലി ക്ലോർപൈറിഫോസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി മണ്ണ് കുതിരത്തക്കവണ്ണം തടത്തിൽ ഒഴിച്ച് കൊടുക്കുക

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം